# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **122/2026** തിരുവനന്തപുരം, തീയതി: **15/06/2026**

## പത്രക്കുറിപ്പ്

### **പരീക്ഷാ തീയതി പുനഃക്രമീകരിച്ചു**

കേരളസർവകലാശാല 2026 ജൂൺ 17 മുതൽ ആരംഭിക്കാനിരുന്ന രണ്ടാം സെമസ്റ്റർ FYUGP പരീക്ഷ ജൂൺ 22 മുതൽ പുന:ക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

### **ഒന്നാം വർഷ ബിരുദ** (FYUGP) **പ്രവേശനം –** 2026
### **ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലേയും യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി സെന്ററുകളിലേയും **2026-27** അധ്യയന വർഷത്തെ നാല് വർഷ ബിരുദ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് അഡ്മിഷൻ വെബ്സൈറ്റിൽ. (**https://admissions.keralauniversity. ac.in/fyugp2026**) പ്രസിദ്ധീകരിച്ചു.

പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം ഓപ്ഷനുകൾ ചേർക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും **16/06/2026** വരെ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്. പ്രൊഫൈലിൽ മാറ്റങ്ങൾ വരുത്തുന്നവർ ആയതിന്റെ പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

ചില സാങ്കേതിക കാരണങ്ങളാൽ ചേർത്തല കെ.വി.എം കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷനെ അഡ്മിഷൻ വെബ്സൈറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത കോളേജ് ഓപ്ഷൻ നൽകിയവർക്ക് **16/06/2026** വരെ ഓപ്ഷൻ ക്രമീകരിക്കാവുന്നതാണ്.

ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം വിദ്യാർത്ഥികൾ ഓപ്ഷനുകൾ മാറ്റങ്ങൾ വരുത്തുന്നതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും തുടർന്ന് വരുന്ന അലോട്ട്മെന്റുകളിൽ മാറ്റങ്ങൾ വരുവാൻ സാധ്യതയുണ്ട്. ആയതിനാൽ ട്രയൽ അലോട്ട്മെന്റ് ലഭിച്ചു എന്നുള്ളത് കൊണ്ട് മാത്രം അഡ്മിഷൻ ലഭിക്കണമെന്നില്ല.

ഒന്നാം ഘട്ട അലോട്ട്മെന്റ് **17/06/2026** ന് വൈകുന്നേരം **5** മണിക്ക് ശേഷം പ്രസിദ്ധീകരിക്കുന്നതാണ്. വിശദമായ ഷെഡ്യൂൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ (**APAAR**) ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ (**APAAR**) ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി

www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ (**APAAR**) ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2025 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബിടെക് (2018 സ്കീം - സപ്ലിമെന്ററി – 2019 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 24 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎ ഡാൻസ് (കേരള നടനം), എംഎസ്‌സി മൈക്രോബയോളജി എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **www.keralauniversity.ac.in** മുഖേന 2026 ജൂൺ 22 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിപിഎ മ്യൂസിക്, മൃദംഗം/ബിപിഎ മൃദംഗം **(304/148)** (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 **&** 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2013, 2017 – 2018 **&** 2020 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധന യ്ക്കും 2026 ജൂൺ 20 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2026 ജൂലൈ 13 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസെബിലിറ്റി) (2015 സ്കീം - റെഗുലർ - 2024 അഡ്മിഷൻ, സപ്ലിമെന്ററി – 2023 അഡ്മിഷൻ) പരീക്ഷയുടെയും 2026 ജൂലൈ 14 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസെബിലിറ്റി) (2015 സ്കീം - റെഗുലർ - 2025 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2024 അഡ്മിഷൻ, സപ്ലിമെന്ററി – 2023 അഡ്മിഷൻ) പരീക്ഷയുടെയും വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2026 മെയിൽ നടത്തിയ ആറാം സെമസ്റ്റർ ബിടെക് (2020 സ്കീം - റെഗുലർ - 2023 അഡ്മിഷൻ **&** സപ്ലിമെന്ററി – 2020, 2021 **&** 2022 അഡ്മിഷൻ) കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ 2026 ജൂൺ 22 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബിഎ സി.ബി.സി.എസ് (മേഴ്സിചാൻസ് – 2013, 2018 അഡ്മിഷൻ) പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് **(Scrutiny)** അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾ ടിക്കറ്റുമായി 16.06.2026 മുതൽ 22.06.2026 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഇ.ജെ **V** സെക്ഷനിൽ ഹാജരാകേണ്ടതാണ്.

# <u>അപേക്ഷ ക്ഷണിക്കുന്നു</u>

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി (**CDC**) സഹകരിച്ചു നടത്തുന്ന പി.ജി.ഡിപ്ലോമ ഇൻ ഡവലപ്പ്മെന്റൽ ന്യൂറോളജി (**PGDDN**) ലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

**M.B.B.S,M.D/DNB/MNAMS/DCH** എന്നിവയിൽ കേരളസർവകലാശാല അംഗീകരിച്ച ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. ഒരു വർഷമാണ് കോഴ്സ് കാലാവധി. ഉയർന്ന പ്രായപരിധിയില്ല. കോഴ്സ് ഫീസ് : **Rs.** 25000/-. **www.keralauniversity.ac.in** നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷാഫോമും **SBI** ബാങ്കിൽ **A/C No.** 57002299878 ൽ **Rs.** 500/- രൂപ അടച്ച രസീത് അല്ലെങ്കിൽ **CACEE** ഡയറക്ടറുടെ പേരിൽ **SBI** യിൽ നിന്നും എടുത്ത **Rs. 500/-** രൂപയുടെ **D.D** യും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം സി.എ.സി.ഇ.ഇ. ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2026 ജൂൺ 30. വിലാസം : ഡയറക്ടർ, സി.എ.സി.ഇ.ഇ., യൂണിവേഴ്സിറ്റി ഓഫ് കേരള, സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്, പി.എം.ജി. ജംഗ്ഷൻ, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം. വിശദവിവരങ്ങൾക്ക് : **CACEE-** 0471-2302523, **CDC-** 0471 2553540.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in



***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**